"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാല(കുഫോസ്) - ശമ്പളം, ടിഎ, മറ്റ് ആകസ്മിക ചെലവുകൾ 2025-26 - 2025 ജൂൺ മാസത്തെ ഗഡു- റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**G.O.(Rt)No.464/2025/F&P** തീയതി,തിരുവനന്തപുരം, **30-06-2025**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.**266/2025/F&P** തീയതി **22.04.2025.**

2. സ.ഉ.(സാധാ)നം.**351/2025/F&P** തീയതി **26.05.2025.**

3. കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാല രജിസ്ട്രാറുടെ **27.05.2025** തീയതിയിലെ ഫിൻ**4/4275/2025** നമ്പർ കത്ത്.

**ഉത്തരവ്**

കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം **"2405-00-188-99-31(NP)-Grant in Aid-General- Salary"** ശീർഷകത്തിൽ വകയിരുത്തിയ **1715.70** ലക്ഷം രൂപയിൽ നിന്നും ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി **2025** ഏപ്രിൽ, മെയ് മാസം വരെയുള്ള ഗഡുക്കൾ പരാമർശം ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു. **2025** ജൂൺ മാസത്തെ ശമ്പളം, ടി.എ, മറ്റ് അലവൻസുകൾ എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി **142.975** ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം കത്ത് പ്രകാരം കുഫോസ് രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് നടപ്പ് സാമ്പത്തിക വർഷം **"2405-00-188-99-31(NP)-Grant in Aid-General-Salary"**ശീർഷകത്തിൽ വകയിരിത്തിയിട്ടുള്ള **17.1570** കോടി രൂപയിൽ നിന്നും **2025** ജൂൺ മാസത്തെ ശമ്പളവിതരണത്തിനുള്ള സഹായധനമായി **1.42975 കോടി രൂപ(ഒരു കോടി നാല്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിഎഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)** സാധാരണ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഫണ്ട് റിലീസ് വ്യവസ്ഥകൾ

1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ല.
2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും വകമാറ്റി ചെലവഴിക്കാൻ പാടില്ല.
3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും **(As per GO(Ms) No.4/2020-Fin dated 09/01/2020)** അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. **09/12/2008** തീയതിയിലെ സർക്കുലർ നം.**84/2008**/ധന, **29/08/2009** തീയതിയിലെ സർക്കുലർ നം.**75/2009**/ധന, **30/01/2018** തീയതിയിലെ സർക്കുലർ നം.**08/2018**/ധന, **04.01.2021** തീയതിയിലെ സർക്കുലർ നം. **01/2021**/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

**JOINT SECRETARY**

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
അഡീഷണൽ സബ് ട്രഷറി ഓഫീസർ, എറണാകുളം.
ധനകാര്യ വകുപ്പ് **(3114767/PU-ബി1/39/2025-ഫിൻ തീയതി 26.06.2025)**
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 30-06-2025 16:52:35